# ഒടിഞ്ഞ കാലും ലോകകപ്പും

ഏതാനും മാസങ്ങളായി ലോകം മുഴുവൻ ഫുട്ബോളിന്റെ ലഹരിയിലായിരുന്നു. ഒരു ലോകകപ്പിനു കൂടി കൊടിയിറങ്ങിയപ്പോൾ, ചരിത്രത്തിലാദ്യമായി സ്പെയിൻ കപ്പിൽ മുത്തമിട്ടു. സ്പെയിനിന്റെ വിജയത്തിൽ ശ്രദ്ധേയമായ സംഭാവന നൽകിയ താരമാണ് ഡേവിഡ് വിയ്യ. ലോകകപ്പിൽ അഞ്ചു ഗോൾ വീതം നേടിയ നാലു താരങ്ങളിൽ ഒരാൾ. സമീപകാലത്ത് അദ്ദേഹത്തെക്കുറിച്ച് വായിച്ച ഒരു ഫീച്ചർ ഏറെ ചിന്തനീയമായിരുന്നു. രണ്ടു കാലും ഉപയോഗിച്ച് ഗോളടിക്കാനുള്ള കഴിവാണ് വിയ്യയുടെ ഒരു മികവ്. ആ കഴിവിലേക്ക് വിയ്യയെ നയിച്ചത് നാലാം വയസിൽ സ്കൂൾ ഗ്രൗണ്ടിൽ സംഭവിച്ച ഒരപകടമാണ്. കളിക്കുന്നതിനിടയിൽ വീണ് തുടയെല്ലു പൊട്ടി 40 ദിവസത്തോളം വിയ്യക്ക് ആശുപത്രിയിൽ കിടക്കേണ്ടതായി വന്നു. കാൽ മുറിച്ചുകളയണമെന്നുവരെ അന്ന് ആശങ്കപ്പെട്ടിരുന്നു. ഏതായാലും ആശുപത്രിയിൽ നിന്നിറങ്ങുമ്പോൾ ഡേവിഡ് വിയ്യയുടെ വലതുകാലിന് രണ്ടു സെന്റിമീറ്ററോളം നീളം കുറഞ്ഞിരുന്നു. പരിക്കു ഭേദമായപ്പോൾ ഇടതുകാൽ കൊണ്ട് പന്തു തട്ടാൻ പിതാവ് അവനെ പരിശീലിപ്പിച്ചു. വർഷങ്ങൾ കഴിഞ്ഞപ്പോൾ, അന്നത്തെ വീഴ്ച അവന് നേട്ടമായി. രണ്ടുകാലും ഉപയോഗിച്ച് ഒരുപോലെ ഗോളടിക്കാൻ കഴിയുന്ന ലോകത്തിലെ അപൂർവം സ്ട്രൈക്കർമാരിൽ ഒരാളായി വിയ്യ മാറി.

ഡേവിഡ് വിയ്യയുടെ മാതാപിതാക്കളുടെ പ്രതികരണമാണ് അയാളെ മികച്ചൊരു ഫുട്ബോളറാക്കി മാറ്റിയത്. 40 ദിവസം ആശുപത്രിയിൽ ചെലവഴിക്കേണ്ടി വന്നെങ്കിൽ അതിനടുപ്പിച്ച ദിവസങ്ങളെങ്കിലും വീട്ടിലും വിശ്രമിക്കേണ്ടി വന്നിട്ടുണ്ടാവും. ഇങ്ങനെയൊരു അപകടം സംഭവിച്ചാൽ, പിന്നീട് അവൻ മുറ്റത്തേക്ക് പോലും ഇറങ്ങുമ്പോൾ മാതാപിതാക്കൾ ഉത്കണ്ഠയോടുകൂടിയായിരിക്കും നോക്കുന്നത്. സ്കൂൾ ഗ്രൗണ്ട് അകലെനിന്നു കാണാനുള്ള ഭാഗ്യംപോലും ആ കുട്ടിക്ക് പിന്നീട് ലഭിച്ചെന്നു വരില്ല. പക്ഷേ, പിതാവിന്റെ ദൂരക്കാഴ്ചയും നിശ്ചയദാർഢ്യവും രാജ്യത്തിന് അഭിമാനിക്കാൻ കഴിയുന്ന, ലോക ഫുട്ബോളിന്റെ ചരിത്രത്തിനുപോലും വിസ്മരിക്കാൻ കഴിയാത്തൊരു താരത്തിനു ജന്മം നൽകുകയായിരുന്നു. ഫുട്ബോൾ എന്നത് ഒരു വികാരമായി കൊണ്ടുനടക്കുന്ന സ്പെയിൻ പോലുള്ളൊരു രാജ്യത്തിന് ആദ്യമായി ഇത്രയും വലിയൊരു നേട്ടം സമ്മാനിക്കുന്നതിൽ വലിയ പങ്കുവഹിച്ച കളിക്കാരനെ മറക്കാൻ കഴിയുമെന്നു തോന്നുന്നില്ല.

മക്കൾക്ക് അംഗവൈകല്യവും രോഗങ്ങളുമൊക്കെ ഉണ്ടായതിൽ മനസു തകർന്നു കഴിയുന്ന അനേകം മാതാപിതാക്കളെ കാണാനിടയായിട്ടുണ്ട്. അങ്ങനെയുള്ള മക്കളുടെ ജീവിതം എന്നേക്കുമായി പരാജയപ്പെട്ടു എന്ന ചിന്തയായിരുന്നു അവരെയൊക്കെ നയിച്ചിരുന്നത്. തങ്ങളുടെ കാലം കഴിഞ്ഞാൽ ഇവരുടെ കാര്യം എന്താകും എന്ന ഭയമായിരുന്നു പലരെയും തളർത്തിയിരുന്നത്. ഇവിടെ ചികിത്സ ആദ്യം വേണ്ടത് മാതാപിതാക്കൾക്കാണ്. കാരണം, ദൈവം എല്ലാവർക്കും എന്തെങ്കിലുമൊക്കെ കഴിവുകൾ നൽകിയിട്ടുണ്ടാകും. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ നോക്കുന്ന പല സ്ഥാപനങ്ങളിലും പോകാനിടയായിട്ടുണ്ട്. കുടുംബവും സമൂഹവുമൊക്കെ ഒന്നിനും കൊള്ളാത്തവർ എന്ന ലേബലിൽ തള്ളിക്കളഞ്ഞ കുട്ടികളെ പരിശീലിപ്പിക്കാൻ തയ്യാറായപ്പോൾ, അവരിലൂടെ മികവുള്ള അനേകം വിരുതുകൾ രൂപംകൊള്ളുന്നത് കണ്ടിട്ടുണ്ട്. ഒരാളെയും ദൈവം വെറുംകയ്യോടെ ഭൂമിയിലേക്ക് വിടുന്നില്ലെന്നത് എത്രയോ കൃത്യമാണ്. അംഗവൈകല്യങ്ങളോ രോഗങ്ങളോ ഒക്കെ ഉണ്ടെങ്കിലും അതിനെയെല്ലാം അതിജീവിക്കുവാൻ കഴിയുന്ന മഹത്തായ എന്തെങ്കിലുമൊക്കെ അവരിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ അനന്തജ്ഞാനത്തെ ചോദ്യം ചെയ്ത് വിലപിക്കുന്നതിന് പകരം അവരുടെ കഴിവുകൾ തിരിച്ചറിയുകയും അതിനനുസരിച്ച് അവരെ വളർത്തിക്കൊണ്ടു വരികയുമാണ് മാതാപിതാക്കൾ ചെയ്യേണ്ടത്.

അന്തരിച്ച പ്രശസ്ത എഴുത്തുകാരൻ ഒ.വി. വിജയൻ വളരെ ക്ഷീണിച്ച ശരീരപ്രകൃതിയായിരുന്നു. അദ്ദേഹത്തിന്റെ ചെറുപ്പകാലങ്ങളിൽ മുത്തശ്ശി ആ ക്ഷീണിച്ച വിരലുകളിലേക്ക് നോക്കി നീ എങ്ങനെ ജീവിക്കുമെന്ന് ആശങ്കപ്പെടുമായിരുന്നുവെന്ന് ഒ.വി. വിജയന്റെ അനുഭവക്കുറിപ്പുകളിൽ വായിച്ചിട്ടുണ്ട്. കായികമായി അധ്വാനിച്ച് ജീവിക്കുവാനുള്ള ആരോഗ്യം അവനൊരിക്കലും ഉണ്ടാകില്ലെന്നുള്ള ബോധ്യമാവാം മുത്തശ്ശിയെ വിഷമിപ്പിച്ചിരുന്നത്. പക്ഷേ, ആരോഗ്യമുള്ള അദ്ദേഹത്തിന്റെ സഹോദരങ്ങളെയല്ല കാലം ഓർത്തിരിക്കുന്നത്. മറിച്ച്, ക്ഷീണിച്ചിരുന്ന ഒ.വി. വിജയനെയാണ്. ഒരാളുടെ ശാരീരിക പ്രത്യേകതകളൊന്നുമല്ല ജീവിതത്തിന്റെ വിജയ പരാജയങ്ങൾ നിർണയിക്കുന്നത്.

വൈകല്യങ്ങൾ ഉള്ളതുകൊണ്ടു കാലം ഓർത്തിരിക്കുന്ന അനേകം വ്യക്തികളുമുണ്ട്. ഹെലൻ കെല്ലർ ഈ ലോകത്തുനിന്നും കടന്നുപോയിട്ടു വർഷങ്ങൾ കഴിയുമ്പോഴും അവരുടെ എഴുത്തും മറ്റു സംഭാവനകളുമൊക്കെ എത്രയോ അധികം

(ശേഷം പേജ് – 5 ൽ...)

>> എഡിറ്റോറിയൽ തുടർച്ച...<<

ഒടിഞ്ഞ കാലും ലോകകപ്പും

പേർക്കാണ് പ്രതീക്ഷയുടെ പുതുനാമ്പുകൾ ഇപ്പോഴും സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. അന്ധയും ബധിരയുമായിരുന്നതുകൊണ്ട് അവരുടെ നേട്ടങ്ങൾക്ക് തിളക്കം കൂടുതലുണ്ട്. പോരായ്മകൾ ഇല്ലാത്തൊരു സ്ത്രീയായിരുന്നെങ്കിൽ, ഹെലൻ കെല്ലറുടെ സംഭാവനകൾക്ക് ഇത്രയും പരിഗണന കിട്ടുമായിരുന്നു എന്നു തോന്നുന്നില്ല. ഒരുപക്ഷേ, ആനി സള്ളിവൻ എന്ന ഹെലൻ കെല്ലറുടെ അധ്യാപിക ഇല്ലായിരുന്നെങ്കിൽ ലോകം അവരെക്കുറിച്ച് കേൾക്കുമായിരുന്നില്ല. ഹെലന്റെ കഴിവുകൾ കണ്ടെത്തിയതും വളർത്താൻ പ്രോത്സാഹിപ്പിച്ചതുമെല്ലാം ആ അധ്യാപികയായിരുന്നു. പോരായ്മകളും വൈകല്യങ്ങളുമൊക്കെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ ഉയരേണ്ടത് ആനി സള്ളിവന്റെ നിലയിലേക്കാണ്. എങ്കിൽ മാത്രമേ ആ മക്കളിലൂടെ ദൈവം ആഗ്രഹിക്കുന്ന വിധത്തിലുള്ള കാര്യങ്ങൾ യാഥാർത്ഥ്യമാവൂ.

മക്കൾ പഠിക്കാൻ അല്പം പിന്നോക്കമാണെന്നു കരുതി വേവലാതിപ്പെടേണ്ട ആവശ്യമില്ല. അവർ എങ്ങനെ വേണമെങ്കിലും ഉഴപ്പട്ടെ എന്നല്ല അർത്ഥമാക്കുന്നത്. അവരുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കാൻ തയ്യാറായാൽ കഴിവുകൾ പുറത്തുവരും. ലോകം എന്നും ആദരവോടെ മാത്രം ഓർക്കുന്ന പലരും പഠനകാലത്ത് വിഡ്ഢികൾ എന്നു മുദ്രകുത്തപ്പെട്ടവരായിരുന്നു. ആ ക്ലാസിലുണ്ടായിരുന്ന അതിബുദ്ധിമാന്മാരെപ്പറ്റി ആരെങ്കിലും ഇപ്പോൾ ഓർക്കുന്നുണ്ടോ? ഓരോരുത്തരുടെയും കഴിവുകൾ നേരത്തെ കണ്ടെത്തി അതിനനുസരിച്ചുള്ള സ്വപ്നങ്ങൾ നിറയ്ക്കാൻ മാതാപിതാക്കൾക്ക് കഴിയണം. വൈകല്യമോ രോഗമോ ഒന്നും മക്കളുടെ ഭാവി നിർണയിക്കുന്ന രീതിയിലേക്ക് നയിക്കാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. മറ്റുള്ളവരുടെ സഹതാപപ്രകടനങ്ങളാണ് പലരെയും തളർത്തുന്നത്. എന്റെ മോനേ, നിനക്കിതു സംഭവിച്ചല്ലോ എന്ന വിധത്തിലുള്ള സംസാരം കേൾക്കുമ്പോൾ കുട്ടികളുടെയും മാതാപിതാക്കളുടെയും മനസിടിയും. തന്നെ ഒന്നിനും കൊള്ളില്ല എന്ന ചിന്തയ്ക്ക് അവർ അടിമപ്പെടാനിതു കാരണമാകും. ആരെയും സഹായിച്ചില്ലെങ്കിലും വിപരീത ചിന്തകൾ സമ്മാനിക്കുന്ന രീതിയിലുള്ള സ്നേഹപ്രകടനങ്ങൾ ഒരിക്കലും നടത്തരുത്.

എന്റെ മകന്റെ/മകളുടെ/പ്രിയപ്പെട്ട വ്യക്തിയുടെ പോരായ്മയിലൂടെ ദൈവം ലോകത്തെ അനുഗ്രഹിക്കാൻ തിരുമനസായിരിക്കുന്നു എന്നു വിചാരിക്കുകയും ആ ചിന്ത നൽകുകയും ചെയ്താൽ അവർ ലോകത്തിന് അനുഗ്രഹങ്ങളായി മാറും. ഓർക്കണം, ഡേവിഡ് വിയ്യയുടെ വലതുകാൽ തകർന്നില്ലായിരുന്നെങ്കിൽ, അവൻ ഇടതുകാൽ ഉപയോഗിച്ച് ഗോളടിക്കാൻ പഠിക്കുമായിരുന്നില്ല. ഒരുപക്ഷേ, അങ്ങനെ സംഭവിച്ചില്ലായിരുന്നെങ്കിൽ ഡേവിഡ് വിയ്യ എന്ന കളിക്കാരനെപ്പറ്റി ലോകം കേൾക്കുകപോലും ചെയ്യുമായിരുന്നില്ല.